''<u>ഭരണഭാഷ-മാതൃഭാഷ</u>''

നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 05-07-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനം - 'സമന്വയ' വഴിയുള്ള തസ്തികനിർണയം 2019-20 സംബന്ധിച്ച്

സൂചന :
1) 31-05-2019 ലെ സ.ഉ (കൈ) 51/2019/പൊ.വി.വ
2) 18-06-2019 ലെ സ.ഉ (കൈ) 63/2019/പൊ.വി.വ
3) ഈ കാര്യാലയത്തിൽ നിന്നുള്ള 16-05-2019 ലെ ഇതേ നമ്പർ കത്ത്
4) ഈ കാര്യാലയത്തിൽ നിന്നുള്ള 04-06-2019 ലെ ഇതേ നമ്പർ കത്ത്
5) ഈ കാര്യാലയത്തിൽ നിന്നുള്ള 10-06-2019 ലെ ഇതേ നമ്പർ കത്ത്
6) ഈ കാര്യാലയത്തിൽ നിന്നുള്ള 18-06-2019 ലെ ഇതേ നമ്പർ കത്ത്
7) ഈ കാര്യാലയത്തിൽ നിന്നുള്ള 19-06-2019 ലെ ഇതേ നമ്പർ കത്ത്
8) ഈ കാര്യാലയത്തിൽ നിന്നുള്ള 16-06-2018 ലെ പരിപത്രം നമ്പർ എച്ച്2/21500/2018/ ഡി.പി.ഐ
9) ഈ കാര്യാലയത്തിൽ നിന്നുള്ള 14-06-2019 ലെ ഇതേ നമ്പർ പരിപത്രം
10) ഈ കാര്യാലയത്തിൽ നിന്നുള്ള 26-06-2019 ലെ ഇതേ നമ്പർ പരിപത്രം

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2019-20 വർഷത്തെ 'സമന്വയ' വഴിയുള്ള തസ്തികനിർണയ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായ പ്രഥമാധ്യാപകരിൽ നിന്നുള്ള ഡാറ്റാ കളക്ഷൻ ഇന്നത്തോടെ (05-07-2019) സമാപിക്കുകയാണ്. ബഹുഭൂരിഭാഗം സ്കൂളുകളും ഇന്നലെ വൈകീട്ടോടെ തന്നെ പ്രൊപ്പോസൽ 'സമന്വയ' വഴി സമർപ്പിച്ചുകഴിഞ്ഞു. അവശേഷിക്കുന്ന ഏതാനും സ്കൂളുകൾ ഇന്ന് (05-07-2019) വൈകീട്ട് 5 മണിക്കു മുമ്പു തന്നെ അവ സമർപ്പിക്കും എന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തണം.

ജൂലൈ 6 മുതൽ 'സമന്വയ' വഴിയുള്ള തസ്തികനിർണയം ഓഫീസുകളിൽ ആരംഭിക്കാം. സോഫ്റ്റ്‌വെയർ ഇപ്പോൾ സുസജ്ജമാണ്. വേഗതയ്ക്കും യാതൊരു പ്രശ്നവുമില്ല. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ തസ്തികനിർണയത്തിനായി ലോഗിൻ ചെയ്യുന്നതിനു മുമ്പ് അതുമായി ബന്ധപ്പെട്ട മുഴുവൻ ജീവനക്കാരും 'സമന്വയ'യിൽ പ്രസിദ്ധീകരിച്ചിട്ടുള്ള യൂസർഗൈഡ് ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് നന്നായി വായിച്ച്

ഹൃദിസ്ഥമാക്കണം, യൂസർഗൈഡിലെ നിർദേശങ്ങൾ അനുസരിച്ചു മാത്രമേ തസ്തികനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കാവൂ. സംശയങ്ങൾ എന്തുണ്ടായാലും ബന്ധപ്പെട്ട നോഡൽ ഓഫീസറെയോ മാസ്റ്റർ ട്രെയ്നറെയോ വിളിച്ച് സംശയനിവൃത്തി വരുത്തണം.

കഴിഞ്ഞ വർഷത്തെ തസ്തികകൾ അതേപടി ഇപ്പോഴും തുടരുന്ന സ്കൂളുകളുടെ തസ്തികനിർണയം ആദ്യമാദ്യം ചെയ്യണം. 1:40 അനുപാതം, ഭാഷാധ്യാപകരുടെയും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും അനധ്യാപകരുടെയും അനുപാതം കുറച്ചുകൊണ്ടുള്ള നിലനിർത്തൽ മുതലായവ സംബന്ധിച്ച സർക്കാർ ഉത്തരവ് ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ പ്രസ്തുത ആനുകൂല്യം നൽകേണ്ട സ്കൂളുകളുടേത് രണ്ടു ദിവസത്തിനു ശേഷം ചെയ്യാവുന്നതാണ്.

'സമന്വയ'യുടെ ആദ്യവർഷമാണിത്. സ്കൂളിന്റെ കൺഫേം ചെയ്യപ്പെട്ട അക്കോമഡേഷൻ സൗകര്യമോ മുൻവർഷത്തെ ഡിവിഷനോ തസ്തികകളോ ഇപ്പോൾ അതിലില്ല. (വരുംവർഷം അവയെല്ലാം ഉണ്ടാകും). ഈ വർഷം അവയെല്ലാം ശ്രദ്ധയോടെ തന്നെ എന്റർ ചെയ്യണം. **ഈ വർഷത്തെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിനനുസൃതമായി ഡിവിഷനുകളും തസ്തികകളും 'സമന്വയ'യിൽ ലഭ്യമാകുമെങ്കിലും അവ അക്കോമഡേഷൻ സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ വ്യത്യാസം വരുത്തി അനുവദിക്കേണ്ടത് ജില്ലാ, ഉപജില്ലാ വിദ്യഭ്യാസ ഓഫീസർമാരാണ്. 'സമന്വയ'യിലൂടെ ലഭിക്കുന്ന ഡിവിഷനുകളും തസ്തികകളും എഡിറ്റ് ചെയ്യാൻ കഴിയുന്നതാണ് എന്ന കാര്യം പ്രത്യേകം ഓർമ്മിക്കുക.**

ജൂലൈ 6 മുതൽ 14 വരെയുള്ള ഒൻപത് ദിവസങ്ങളാണ് ഇനി നമ്മുടെ മുന്നിലുള്ളത്. ഇതിൽ 3 ദിനങ്ങൾ അവധിയാണ്. 'സമന്വയ'യുടെ ആദ്യവർഷത്തിൽ ഇത്രയും കുറഞ്ഞ ദിവസത്തിനുള്ളിൽ എല്ലാ സ്കൂളുകളിലെയും തസ്തികനിർണയം പൂർത്തിയാക്കുക എന്നത് ശ്രമകരമാണ്. ആയതിനാൽ ഈ വർഷത്തെ തസ്തികനിർണയ ഉത്തരവുകൾ പ്രസിദ്ധീകരിക്കുന്നതിനും തസ്തിക നഷ്ടപ്പെടുന്ന സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസത്തിനും 20-07-2019 വരെ സമയം അനുവദിക്കുന്നു. (ജൂലൈ 15 എന്ന തസ്തികനിർണയത്തിന്റെ പ്രാബല്യത്തീയതിക്ക് മാറ്റമൊന്നും ഉണ്ടാകില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക). എന്നിരുന്നാലും സമയം കൂടുതലുണ്ടെന്നു കരുതി അവസാന ദിവസം വരെ കാത്തിരിക്കരുത്. ജൂലൈ 6 മുതൽ തന്നെ അത് ആരംഭിക്കുക; കഴിയുന്നത്ര വേഗത്തിൽ അത് പൂർത്തിയാക്കുക. ഇതായിരിക്കണം നമ്മുടെ പ്രവർത്തനരീതി.

''തസ്തികനിർണയം നടത്തുന്നതിന് ആവശ്യമായ രേഖകൾ (പേപ്പർരൂപം) ഓഫീസിൽ സമർപ്പിക്കണമെന്നു'' കാണിച്ച് ഏതാനും ചില വിദ്യാഭ്യാസ ഓഫീസർമാർ പ്രഥമാധ്യാപകർക്ക് നിർദേശം നൽകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 'സമന്വയ'യുടെ ഉദ്ദേശ്യലക്ഷ്യങ്ങളെത്തന്നെ തുരങ്കം വയ്ക്കുന്ന നടപടിയാണിത്. ആയതിനാൽ തസ്തികനിർണയം സംബന്ധിച്ച രേഖകൾ 'സമന്വയ' വഴിയല്ലാതെ നൽകാൻ പ്രഥമാധ്യാപകർക്ക് നിർദേശം നൽകരുതെന്നും അപ്രകാരം പ്രൊപ്പോസലുകൾ സ്വീകരിക്കരുതെന്നുമുള്ള വിവരം അറിയിക്കുന്നു. തസ്തികനിർണയവുമായി ബന്ധപ്പെട്ട എന്തെങ്കിലും അപേക്ഷകൾ മാനേജർമാർ ഓഫീസിൽ സമർപ്പിച്ചാൽ (പ്രൈമറി സ്കൂൾ

സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികയിലെ മാറ്റം മുതലായ വിഷയങ്ങളിൽ) അതും സ്കാൻ ചെയ്ത് 'സമന്വയ'യിൽ തന്നെ ഉൾപ്പെടുത്തണം.

മുൻവർഷത്തെ (2018-19) തസ്തികനിർണയ ഉത്തരവിന്റെ എല്ലാ പേജുകളും ഓഫീസിൽ സ്കാൻ ചെയ്ത് 'സമന്വയ'യിലെ 'attachment' എന്ന ടാബിൽ നിർബന്ധമായും ചേർക്കേണ്ടതാണ്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കെല്ലാം മാതൃകയായി കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല മാറിക്കഴിഞ്ഞു. ഈ രംഗത്തുണ്ടായിട്ടുള്ള അഭൂതപൂർവമായ ഉണർവിനെ നിലനിർത്താനും കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് അതിനെ നയിക്കാനുമുള്ള യത്നങ്ങൾക്ക് ആക്കം കൂട്ടണമെങ്കിൽ തസ്തികനിർണയം പോലുള്ള അടിസ്ഥാന പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാകണം. ആയതിനാൽ സംസ്ഥാനത്തെ സ്കൂളുകളിലെ ഈ വർഷത്തെ തസ്തികനിർണയം നിർദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കാൻ മുഴുവൻ ജീവനക്കാരുടെയും ഒരു മനസ്സോടെയുള്ള പ്രവർത്തനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ജീവൻ ബാബു കെ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :

1) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
2) എല്ലാ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ/വെബ്സൈറ്റ് മുഖാന്തരം)